LIBRARY ARCHIVES Kerala Legislative Assembly

3. പാമ്പുംകയം മിനി ഹൈഡ്രോ പദ്ധതിയുടെ താരിഫ് നിശ്ചയിക്കുന്നത് കമ്മീഷന്റെ പരിഗണനയിലാണ്.

4. മീൻവല്ലം SHP (3 MW) പവർ പർച്ചേസ് കരാർ പ്രകാരം ഈ പദ്ധതിയിൽനിന്നും ഉൽപാദിപ്പിക്കുന്ന വൈദ്യുതിക്ക് ആദ്യത്തെ 6 വർഷം 2.50 രൂപാ നിരക്കും പിന്നീടുള്ള 20 വർഷത്തേയ്ക്ക് 2.12 രൂപാ നിരക്കുമാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ നിർമ്മാണച്ചെലവ് വർദ്ധിച്ചതിനാൽ company വൈദ്യുതി നിരക്ക് പുനർനിർണ്ണയിക്കണമെന്ന് ആവശ്യപ്പെട്ടത് കമ്മീഷന്റെ പരിഗണനയിലാണ്.

5. കിറ്റെക്സ് ലിമിറ്റഡിന്റെ 1.2 (MW) കാറ്റിൽനിന്നുള്ള പദ്ധതി Rs. 3.14/ യൂണിറ്റ്. റാന്നി-പെരിനാട് SHP, പീച്ചി SHP എന്നിവയുടെ ഉൽപ്പാദന ചെലവ് വിവരം ശേഖരിച്ചുവരുന്നു.

സ്വകാര്യമേഖലയിലെ വൈദ്യുതി ഉൽപ്പാദനം

33 (7869) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യമേഖലയിൽ വൈദ്യുതി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശം നൽകുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിലൂടെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സ്വകാര്യ മേഖലയിൽ വൈദ്യുതി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സോളാർ, ചെറുകിട ജലവൈദ്യുത പദ്ധതി എന്നിവയുപയോഗിച്ച് നടപ്പിലാക്കാൻ 'വിന്റ് പോളിസി', 'സോളാർ എനർജി പോളിസി 2013', 'സ്മോൾ ഹൈഡ്രോ പോളിസി 2012' എന്നിവ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത വൈദ്യുത നിലയങ്ങളിൽനിന്നും ലാഭകരമായി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് സംരംഭകർക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ preferential tariff ആണ് നിശ്ചയിച്ചിരിക്കുന്നത്.

(ബി&സി) സ്വകാര്യ മേഖലയിൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. Inox Renewable Energy Limited കഞ്ഞിക്കോട്ടുള്ള കിൻഫ്രയുടെ സ്ഥലത്ത് സ്ഥാപിക്കുന്ന 22 മെഗാവാട്ടിന്റെ കാറ്റാടി പദ്ധതി.

2. ഇടുക്കി ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന 50 മെഗാവാട്ടിന്റെ കല്ലാർ മൈക്രോ ജലവൈദ്യുത പദ്ധതി പൂർത്തിയാക്കി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ grid-ലേക്ക് synchronise ചെയ്യുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

കൂടാതെ 'സോൾ ഹൈഡ്രോ പോളിസി' പ്രകാരം ചെറുകിട ജലവൈദ്യുത പദ്ധതികളിൽനിന്നുള്ള വൈദ്യുതി ഉൽപ്പാദനം 2017-ഓടെ 295 മെഗാവാട്ട് ആക്കി ഉയർത്തുന്നതിന് ലക്ഷ്യംവച്ച് എനർജി മാനേജ്മെന്റ് സെന്റർ 25 ചെറുകിട ജലവൈദ്യുത പദ്ധതികൾ BOOT അടിസ്ഥാനത്തിൽ സെലക്ട് ചെയ്തിട്ടുണ്ട്.

ഹാരിസൺ മലയാളം ലിമിറ്റഡിന്റെ ലേബർ ഹൗസുകൾക്ക് ഒ.വൈ.ഇ.സി. കണക്ഷൻ

34 (7870) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതികണക്ഷൻ ലഭിക്കാനായി എന്തൊക്കെ നിബന്ധനകളാണ് പാലിക്കേണ്ടത് ;

(ബി) പ്രസ്തുത നിബന്ധനകളെല്ലാം പാലിച്ചുകൊണ്ടായിരുന്നോ ഹാരിസൺ മലയാളം ലിമിറ്റഡിന്റെ ലേബർ ഹൗസുകൾക്ക് ഒ.വൈ.ഇ.സി പ്രകാരം കണക്ഷൻ നൽകിയത് ; അവർ നൽകിയ അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഉടമസ്ഥാവകാശം തെളിയിക്കാനായി ഏതൊക്കെ രേഖകളാണ് ഹാജരാക്കേണ്ടത് ; കമ്പനി ഹാജരാക്കിയ രേഖ എന്താണ്; അതു നിയമാനുസൃതം സ്വീകാര്യമാണോ ; എങ്കിൽ പ്രസ്തുത രേഖ മറ്റ് ഉപഭോക്താക്കൾക്കും ബാധകമാക്കാനായി നിയമത്തിൽ ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത കമ്പനി വൈദ്യുതി കണക്ഷനായി നൽകിയ ഇൻഡമ്നിറ്റി ബോണ്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; അതിൽ കമ്പനിയുടെ സ്റ്റാറ്റസ് (വാടകക്കാരൻ, പാട്ടക്കാരൻ, കൈവശക്കാരൻ) എന്താണ് നൽകിയിരുന്നത് ; ഇൻഡമ്നിറ്റി ബോണ്ട് പൂർണ്ണമായിരുന്നോ ; ഇത്തരത്തിലുള്ളവ നിയമാനുസൃതമാണോ എന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly